# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3898 12.12.2018 ൽ മറുപടിക്ക്

## ഇതര സംസ്ഥാന തൊഴിലാളികൾ ഉൾപ്പെടുന്ന കുറ്റകൃത്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.ദിവാകരൻ | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് ഇതരസംസ്ഥാന തൊഴിലാളികൾ ഉൾപ്പെടുന്ന കുറ്റകൃത്യങ്ങൾ വർദ്ധിച്ച് വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ ആയത് നിയന്ത്രിക്കുന്നതിന് എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) സംസ്ഥാനത്തെ ഓരോ പോലീസ് സ്റ്റേഷൻ അതിർത്തിയിലും താമസിക്കുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ പൂർണ്ണ വിവരങ്ങളടങ്ങിയ രജിസ്റ്റർ സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും സൂക്ഷിച്ചു വരുന്നു. ഇതര സംസ്ഥാന തൊഴിലാളികൾ സ്റ്റേഷൻ അതിർത്തികളിൽ ജോലിക്കായി എത്തുമ്പോഴും തിരികെ പോകുമ്പോഴും വിവരം പോലീസ് സ്റ്റേഷനുകളിൽ അറിയിക്കുന്നതിലേയ്ക്കായി അവർ ജോലി ചെയ്തു വരുന്ന സ്ഥാപന ഉടമകൾക്ക് നോട്ടീസ് നൽകി വരാറുണ്ട്. ഇത്തരക്കാർ മുൻകാലങ്ങളിൽ ഏതെങ്കിലും കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടവരാണോ എന്ന് അറിയുന്നതിനായി ഇവരുടെ BC ROLL B അതാത് പോലീസ് സ്റ്റേഷനുകളിലേയ്ക്ക് അയച്ച് ആവശ്യമായ വിവരങ്ങൾ ശേഖരിച്ചു വരുന്നു. ഇതര സംസ്ഥാന തൊഴിലാളികളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനായി സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ച് ഉദ്യോഗസ്ഥർക്കും, കൂടാതെ പോലീസ് സ്റ്റേഷനുകളിൽ നിന്നും ബീറ്റ് ഡ്യൂട്ടിക്കായി നിയോഗിക്കുന്ന ഉദ്യോഗസ്ഥർക്കും പ്രത്യേകം നിർദ്ദേശം നൽകി വരാറുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ വിവര |

ശേഖരണത്തിനായി 'ഇ-രേഖ' എന്ന പേരിൽ കംപ്യൂട്ടർ അധിഷ്ഠിത മൊബൈൽ ആപ്ലിക്കേഷൻ നിലവിലുള്ളതും, ആയത് ഉപയോഗിച്ച് അന്യ സംസ്ഥാന തൊഴിലാളികളുടെ മുഴുവൻ വിവരങ്ങളും ജില്ലയിൽ ശേഖരിച്ചു വരികയും, റിപ്പോർട്ടാകുന്ന സംഭവങ്ങളിൽ നിലവിലുള്ള നിയമപ്രകാരം കർശന നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ